# അക്കാദമിക മാസ്റ്റർപ്ലാൻ

## ജി.എൽ.പി.എസ്

## പഴകുളം

## ആമുഖം

പത്തനംതിട്ട ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്ത് പഴകുളം ജംഗ്ഷന് സമീപത്താണ് പഴകുളം ഗവൺമെന്റ് എൽ.പി.എസ് സ്ഥിതിചെയ്യുന്നത്. 1930 ൽ പഴകുളത്തെ പ്രമുഖനായിരുന്ന ശ്രീ വിളയിൽ രാമൻ പിള്ളയാണ് സ്കൂൾ ആരംഭിച്ചത്. പഴകുളത്തെയും സമീപ പ്രദേശങ്ങളിലെയും ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക അറിവിന്റെ ബാലപാഠങ്ങൾ പകർന്നു നൽകിയ ഈ സ്ഥാപനം നാടിന്റെ പൈതൃക സ്വത്താണ്.

മികച്ച വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ ഓരോ വിദ്യാർത്ഥിയുടെയും വിദ്യാഭ്യാസ നിലവാരം ഉയർത്തുവാനുള്ള പരിശ്രമമാണ് ഇവിടെ നടക്കുന്നത്. ആധുനിക വിദ്യാഭ്യാസ ചിന്തകൾ സ്വാംശീകരിക്കുകയും മന:ശാസ്ത്രപരമായ സമീപനങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്തുകൊണ്ട് വിദ്യാർത്ഥികളെ ഉയർന്ന വിദ്യാഭ്യാസ നിലവാരത്തിലെത്തിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. കുട്ടികളുടെ പഠന വിടവുകൾ കണ്ടെത്തി സ്കൂളിലെ മുഴുവൻ കുട്ടികളെയും മിടുക്കരാക്കി തീർക്കുന്നതിന് പുതിയ അധ്യയന വർഷത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട്. വൈജ്ഞാനിക മേഖല, ഭാഷാ വികാസം, സർഗാത്മക മേഖല എന്നിവയിൽ കുട്ടികൾക്കുണ്ടായ വിടവുകൾ കണ്ടെത്തി അത് പരിഹരിക്കുന്നതിനാവശ്യമായ സന്തോഷപ്രദമായ പ്രവർത്തനങ്ങളാണ് ഈ പ്രവർത്തന പാക്കേജിലൂടെ ലക്ഷ്യമിടുന്നത്. അധ്യാപകരുടെയും കുട്ടികളുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തത്തോടെ സർവ്വതോന്മുഖമായ വികാസം ലക്ഷ്യമിടുന്ന ഈ പ്രവർത്തനങ്ങളിൽ നമുക്കൊരുമിച്ച് കൈകോർക്കാം....

- കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും നേടുക.
- കണക്ക്, സയൻസ്, ഐ.ടി. വിഷയങ്ങൾ ധാരണയും കഴിവും നേടുക.
- പാഠ്യേതര വിഷയങ്ങളിൽ അർജ്ജവവും വൈവിധ്യവും നേടുക.
- കുട്ടിയുടെ സർഗ്ഗപരമായ കഴിവുകൾ വളർത്തുക.
- എല്ലാതരം കഴിവും നേടത്തക്ക രീതിയിൽ കുട്ടിയെ ടാലന്റ് ലാബൊരുക്കുക.
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തുക.
- ഉന്നത നിലവാരത്തിലൂള്ള അധ്യയനം ഉറപ്പാക്കുക.
- മാലിന്യ നിർമ്മാർജ്ജനം സംസ്കാരമായി വളർത്തുക.
- ലഹരി വിമുക്ത സ്കൂൾ സൃഷ്ടിക്കുക.
- പ്ലാസ്റ്റിക് രഹിത വിദ്യാലയം രൂപപ്പെടുത്തുക.
- ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന രീതിയിൽ വിദ്യാലയ അന്തരീക്ഷം മാറുക.
- കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുക.
- പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുഖ്യധാരയിലെത്തിക്കുക.
- സ്കൂൾ വായനശാലയും ലബോറട്ടറികളും അധുനിക വത്കരിക്കുക.
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ ജനകീയ സംവിധാനം ഒരുക്കുക.

## ഭൗതിക സാഹചര്യങ്ങൾ

സ്വന്തമായിട്ടുള്ള കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. നാല് കോൺക്രീറ്റ് കെട്ടിടങ്ങളും ഒരു ഓപ്പൺ ഹാളിലുമായിട്ടാണ് ക്ലാസ്സും പ്രവർത്തിക്കുന്നത്. ഇവയിലായി എട്ട് പ്രൈമറിക്ലാസുകളും നാല് പ്രീപ്രൈമറിക്ലാസുകളും പ്രവർത്തിച്ചുവരുന്നു. പണിപൂർത്തിയാകാത്ത ഒരു കോൺക്രീറ്റ് കെട്ടിടവും ഉണ്ട്. കുട്ടികളുടെ എണ്ണം കൂടുതലായതിനാൽ കുട്ടികളെ ഇരുത്തുന്നതിൽ അസൗകര്യം നേരിടുന്നു. കളിസ്ഥലവും കളി ഉപകരണങ്ങളും ലഭ്യമല്ല. ലാബ്, ലൈബ്രറി എന്നിവ പ്രവർത്തനസജ്ജമായി പ്രവർത്തിപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ട് ഉണ്ട്. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ടോയ്ലറ്റുകൾ ഉണ്ട്. ഭക്ഷണം കഴിക്കുന്നതിനായി കുട്ടികൾക്ക് ഒരു ഭക്ഷണ ശാല നിർമ്മിക്കേണ്ടതുണ്ട്. നിലവിൽ ഒരു സ്മാർട്ട് ക്ലാസ്സും മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കിയുള്ളവ സ്മാർട്ട് ക്ലാസ് ആക്കേണ്ടതായിട്ടുണ്ട്. നിലവിൽ ഒരു ഡെസ്ക്ടോപ്പ് 11 ലാപ്ടോപ്പ് നാല് LCD പ്രോജക്ടർ 5 സ്പീക്കർ രണ്ട് ടി.വി, K-ഫോൺ ഇന്റർനെറ്റ് സംവിധാനം എന്നിവയുണ്ട്. നിലവിലെ പാചകപ്പുര പഴകിയതും അടിസ്ഥാന സൗകര്യങ്ങൾ കുറഞ്ഞതുമാണ്. ആകയാൽ ആധുനിക രീതിയിലുള്ള ഒരു പാചകപ്പുര സ്കൂളിൽ ലഭ്യമാക്കേണ്ടതാണ്. ജലം ശുദ്ധീകരിച്ച് കുട്ടികൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം സ്കൂളിൽ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഓഫീസ് കെട്ടിടത്തിന് പ്രത്യേക ബിൽഡിംഗും ആവശ്യമായ ഫർണിച്ചറുകളും ഉണ്ട്.

## കുട്ടികളുടെ എണ്ണം

### ആറാം പ്രവൃത്തി ദിവസം - 2025-26

### എല്ലാ വിഭാഗവും.

| ക്ലാസ് | ആൺ | പെൺ | ആകെ. |
|---|---|---|---|
| I | 17 | 26 | 43 |
| II | 21 | 23 | 44 |
| III | 17 | 28 | 45 |
| IV | 21 | 27 | 48 |

### SC വിഭാഗം.

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| I | 1 | 5 | 6 |
| II | 4 | 3 | 7 |
| III | 3 | 7 | 10 |
| IV | 4 | 8 | 12. |

M. OBC

| ക്ലാസ് | ആൺ | പെൺ | ആകെ. |
|---|---|---|---|
| I | 9 10 | 15 10 | 20 |
| II | 8 | 11 | 19 |
| III | 5 | 8 | 13 |
| IV | 8 | 8 | 16. |

മറ്റ് ന്യൂനപക്ഷ സമുദായം

| ക്ലാസ് | ആൺ | പെൺ | ആകെ. |
|---|---|---|---|
| I | 2 | 1 | 3 |
| II | – | – | – |
| III | 1 | 1 | 2 |
| IV | – | – | – |

## OBC.

| ക്ലാസ് | ആൺ | പെൺ | ആകെ. |
|---|---|---|---|
| I | 2 | 3 | 5 |
| II | 5 | 5 | 10 |
| III | 4 | 7 | 11 |
| IV | 3 | 5 | 8. |

## പ്രതീക്ഷിത പഠന നേട്ടങ്ങൾ:-

- ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികളെല്ലാവരും പുസ്തകമല്ലാത്ത ചെറു- രചനകൾ, പുസ്തകങ്ങൾ എന്നിവ പരസഹായമില്ലാതെ വായിച്ച് അശയം ഗ്രഹിക്കാൻ കഴിവു നേടുന്നതിന് (സ്വതന്ത്ര വായനാശേഷി)
- രണ്ടാം ക്ലാസിലെ കുട്ടികളെല്ലാവരും സ്വന്തം ആശയങ്ങളും അനുഭവങ്ങളും ലളിതമായ വാക്യങ്ങളിൽ തെറ്റില്ലാതെ എഴുതി പ്രകാശിപ്പിക്കുന്നതിന്.
- മൂന്ന്, നാല് ക്ലാസുകളിലെ കുട്ടികൾ ആശയ വ്യക്തതയോടും ഉച്ചാരണ ശുദ്ധിയോടും കൂടി വാക്യങ്ങൾ, വാക്കുകൾ, അക്ഷരങ്ങൾ എന്നിവ വായിക്കുന്നതിന്.
- കുട്ടിക്കവിതകൾ, നാടൻ പാട്ടുകൾ, വായ്ത്താരികൾ ഇവ സംഘമായും ഒറ്റയ്ക്കും വായിക്കുന്നതിനും ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും.
- മികച്ച ഭാഷാ ശേഷി നേടിയതിന്റെ തെളിവുകൾ പൊതുസമൂഹ- വുമായി പങ്കുവെയ്ക്കുന്നതിന് (കഥ, കവിത, ആസ്വാദനക്കുറിപ്പ്, വിവരണം, കവിതാലാപനം, കഥാവതരണം, പുസ്തക പരിചയം)
- പുസ്തകങ്ങൾ വായിച്ച് ലഘു കുറിപ്പുകൾ തയ്യാറാക്കുന്നതിന്
- ക്ലാസ് മുറികൾ കുട്ടികളുടെ ഉത്പന്നങ്ങളാൽ സമ്പുഷ്ടമാക്കുന്നതിന്.
- ക്ലാസ് ലൈബ്രറിയുടെ ഉപയോഗം ഫലപ്രദമാക്കുന്നതിന്.

സാമ്പത്തികം - 7500/-

കാലയളവ് - 5 മാസം

മോണിറ്ററിംഗ് - ഹെഡ്മാസ്റ്റർ, SRG കൺവീനർ.

| ക്ലാസ് | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | ചുമതല | നിർവഹണ കാലം OCT | NOV FEB | DEC MAR | JAN APR | FEB |
| --- | --- | --- | --- | --- | --- | --- | --- | --- |
| I & II, III & IV | • നിലവാരം കണ്ടെത്തൽ | • വായന, ലേഖനം എന്നീ ശേഷികളുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പാക്കുന്നു. • കഥ, കവിത, ചിത്രരചന, പാട്ട് എന്നിവയിലെ താത്പര്യം കണ്ടെത്തി ഗ്രൂപ്പാക്കുന്നു | ക്ലാസ്ടീച്ചർ | ✓ | | | | |
| I & II, III & IV | അക്ഷരക്കാർഡുകൾ വായനാക്കാർഡുകൾ എന്നിവ തയ്യാറാക്കൽ | • വായനാക്കാർഡുകൾ, അക്ഷരക്കാർഡുകൾ, എന്നിവ തയ്യാറാക്കൽ (കുട്ടികളുടെ നിലവാരം പരിഗണിച്ച് വ്യത്യസ്ത നിലവാരത്തിലുള്ളതും വ്യത്യസ്ത വ്യവഹാര രൂപത്തിലുള്ളതുമായ കാർഡുകൾ അധ്യാപിക കുട്ടികളുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ തയ്യാറാക്കുന്നു. | ക്ലാസ്ടീച്ചർ | ✓ | | | | |
| I & II | വാക്കുകൾ കണ്ടെത്താം | • അക്ഷരക്കാർഡുകൾ ഉപയോഗിച്ച് കുട്ടികൾ പദങ്ങൾ കണ്ടെത്തുന്നു. • ഓരോ കുട്ടിക്കും ഒരു ദിവസം ഒരു വായനക്കാർഡ് നൽകുന്നു. | " | ✓ | ✓ | ✓ | | |

| | | | | OCT | NOV | DEC | JAN | FEB |
|---|---|---|---|---|---|---|---|---|
| III std | • ചാർട്ടുകൾ തയ്യാറാക്കൽ (കവിത, കഥ, വിവരണം) | • കുഞ്ഞു പുസ്തകം വായിപ്പിക്കൽ<br>• വരികളിലൂടെ വിരൽ തൊട്ട് വായന, വാക്കുകൾ കണ്ടെത്തി എഴുതൽ.<br>• കഥ, കവിത, വിവരണം എന്നിവ ചാർട്ടിൽ എഴുതുന്നു<br>• എഴുതിയവ കുട്ടികൾ സംഘമായും വ്യക്തിഗതമായും വായിക്കുന്നു. | ക്ലാസ് ടീച്ചർ SRG | | | | | |
| III std | പുസ്തക വായന | • പുസ്തകങ്ങൾ വിതരണം ചെയ്യുന്നു.<br>• വായിച്ച പുസ്തകങ്ങളിൽ നിന്നും കഥാപാത്രങ്ങളെ കണ്ടെത്തി പറയുന്നു.<br>• വായിച്ചതിനെ ചിത്രീകരിക്കൽ.<br>• ഇഷ്ടപ്പെട്ട കാര്യങ്ങൾ കുറിക്കൽ<br>• കഥാപാത്രമായി മാറൽ<br>• അഭിനയം. | ക്ലാസ്ടീച്ചർ | ✓ | ✓ | ✓ | ✓ | |
| I, II, III std | ക്ലാസ് ലൈബ്രറി വികസനം. | • ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ<br>• കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ കണ്ടെത്തൽ | | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | • അസംബ്ലിയിൽ പുസ്തക പരിചയം നടത്തൽ.<br>• മികച്ച വായനക്കാർക്ക് പ്രോത്സാഹനം നൽകൽ | ക്ലാസ്ടീച്ചർ | ✓ | ✓ | ✓ | ✓ | |
| I, II, III, IV | മത്സരം സംഘടിപ്പിക്കൽ | • അക്ഷരങ്ങൾ ചേർന്നു വരുന്ന പദങ്ങൾ കണ്ടെത്തൽ<br>• വായനാ മത്സരം<br>• വായനാക്കുറിപ്പ്<br>• ക്വിസ്.<br>• വ്യത്യസ്ത വ്യവഹാര രൂപങ്ങൾ തയ്യാറാക്കൽ (കഥ, കവിത, നോട്ടീസ്, പോസ്റ്റർ, നാടകം). | " | | | ✓ | ✓ | |
| III, IV | കുട്ടി എഴുത്തുകാർ (രചന ശിൽപശാല) | • വിഷയങ്ങളുടെ അടിസ്ഥാനത്തിൽ സ്വതന്ത്ര രചനയ്ക്ക് അവസരം<br>• കഥ, കവിത, ചിത്രീകരണം | " | | | ✓ | ✓ | |
| II, III, IV | പാട്ട് വായന | കവിതകൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. | | | ✓ | ✓ | | |

| | | | | OCT | NOV | DEC | JAN | FEB |
|---|---|---|---|---|---|---|---|---|
| | | കുട്ടികൾ വ്യക്തിഗതമായും സംഘമായും വായിക്കുന്നു.<br>• ഇഷ്ടപ്പെട്ട വരികൾ കണ്ടെത്തൽ<br>• കവിതാ ബുക്കിലേക്ക് എഴുതൽ. | | ✓ | ✓ | ✓ | | |
| II, III, IV | മികവ് അവതരണം | • മികവുത്സവത്തിൽ കുട്ടികൾ അവതരണം നടത്തുന്നു.<br>• തെളിവുകൾ പ്രദർശനം<br>• ഇൻലന്റ് മാഗസിൻ പ്രകാശനം<br>• സ്കൂൾ പത്രം പ്രകാശനം. | | ✓ | | ✓ | ✓ | |

| | | | JUNE JULY | AUG | SEP | OCT | NOV | DEC |
|---|---|---|---|---|---|---|---|---|
| I & II | • <u>പാട്ടരങ്ങ്</u> | • കുട്ടികൾ അവർക്കറിയാവുന്ന പാട്ടുകൾ ചൊല്ലുന്നു | ✓ | | | | | |
| | • <u>സംയുക്ത ഡയറി</u> | • ടീച്ചർ പാടുന്ന പാട്ടിന് ചുവട് വെച്ച് കൂട്ടമായി പാടുന്നു. | ✓ | | | | | |
| | • <u>വായനോത്സവം</u><br>• <u>രചനോത്സവം</u><br>• <u>റീഡേഴ്സ് തിയേറ്റർ</u><br>• <u>സ്വതന്ത്ര രചനകൾ</u><br>• <u>പതിപ്പ്</u> | • സർഗ്ഗവേള, അസംബ്ലി ഇവയിൽ കുട്ടികൾ അവർക്കിഷ്ടപ്പെട്ട പാട്ട് ഒറ്റയ്ക്കും കൂട്ടായും ചേർന്ന് പാടുന്നു. | ✓ | | | | | |
| | | • സ്വതന്ത്ര രചനകൾ സമൂഹവുമായി പങ്കിടുന്നു.<br>* സംയുക്ത ഡയറി<br>* സാങ്കൽപിക ഡയറി<br>* ചിത്രകഥ പതിപ്പ് | | | | ✓ | ✓ | ✓ |
| | | • മാഗസിൻ<br>കുഞ്ഞെഴുത്തുകൾ | | | | | | |

| ക്ലാസ് | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | ചുമതല | നിർവഹണകാലം. JUN JULY | AUG | SEP | OCT NOV |
|---|---|---|---|---|---|---|---|
| III & IV | • കാവ്യോത്സവം | • താളവൈവിധ്യമുള്ള പാട്ടുകൾ, കവിതകൾ എന്നിവ ലഭ്യമായ വാദ്യോപകരണങ്ങൾ ഉപയോഗപ്പെടുത്തി ഒറ്റയ്ക്കും സംഘമായും അവതരണം<br>• കവിതയുടെ താളത്തോട് പൊരുത്തപ്പെടുന്ന രീതിയിൽ കവിതയുടെ ആശയവുമായി ബന്ധപ്പെട്ട വാക്കുകളും വരികളും കൂട്ടിച്ചേർത്ത് എഴുതാനും പാടാനും ~~കഴിവ~~ അവസരം.<br>• സമാന ആശയമുള്ള കവിതകളും പാട്ടുകളും കണ്ടെത്തുന്നു. | ക്ലാസ് ടീച്ചർ | ✓ | ✓ | ✓ | ✓ |

| | | | | | നിർവഹണകാലം JUN – MARCH. | | |
|---|---|---|---|---|---|---|---|
| III & IV | • <u>സർഗ്ഗാത്മക ഡയറി</u> | • ഡയറിയെഴുത്തിനായി ഒരു കാഴ്ച/ സംഭവം തിരഞ്ഞെടുക്കുന്നു. <br> • ഭാവാത്മകമായി ചിത്രീകരിക്കുന്നു. <br> • എഴുത്തിന് അനുബന്ധമായി രംഗ ചിത്രീകരണം. | | ✓ | ✓ | ✓ | ✓ |
| | • രചന പരിചയ കുറിപ്പ് | | | ✓ | ✓ | ✓ | ✓ |
| III & IV | <u>റീഡേഴ്സ് തിയേറ്റർ</u> | • പാഠപുസ്തകത്തിലെ കഥകൾ വായനയ്ക്ക് നൽകുന്നു. <br> • ആവശ്യമായ കൂട്ടിച്ചേർക്കൽ വരുത്തി സ്ക്രിപ്റ്റ് <br> • സംഭാഷണങ്ങൾ നാടകീയമായി വായിച്ചവതരിപ്പിക്കുന്നു | | | ✓ | ✓ | ✓ |

## ഈസി ഇംഗ്ലീഷ്

ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം ലഭിക്കുന്നതിന് ആവശ്യമായ ആസൂത്രിത പദ്ധതിയാണ് ഈസി ഇംഗ്ലീഷ്. ക്ലാസ്റൂമിലെ വസ്തുക്കൾ നിത്യോപയോഗ വസ്തുക്കൾ, പക്ഷികൾ, മൃഗങ്ങൾ എന്നിവയുടെ ഇംഗ്ലീഷ് പദങ്ങൾ കണ്ടെത്തുന്നു. ഇവയുടെ ഇംഗ്ലീഷ് പദങ്ങൾ ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്നു. ICT സഹായത്തോടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. കുട്ടികൾക്ക് ഇഷ്ടപ്പെടുന്ന രീതിയിൽ ഇംഗ്ലീഷ് പദ്യങ്ങളും കഥകളും അവതരിപ്പിക്കുന്നു.

## ഇംഗ്ലീഷ് നിഘണ്ടു.

ഓരോ ദിവസത്തെയും പാഠഭാഗങ്ങളിൽ നിന്നും ലഭിക്കുന്ന പദങ്ങൾ നോട്ടുബുക്കിൽ എഴുതി സൂക്ഷിക്കുന്നു. പദങ്ങളും ഉച്ചാരണവും മനസ്സിലാക്കുന്നു. ന്യൂസ് പേപ്പറിൽ നിന്നു ലഭിക്കുന്ന പദങ്ങളും ഈ നോട്ടുബുക്കിൽ എഴുതി സൂക്ഷിക്കുന്നു. ഈ പദങ്ങളുടെ അർത്ഥം കണ്ടെത്തി എഴുതുന്നു. അക്ഷരമാലാ ക്രമത്തിൽ ഈ വാക്കുകൾ ക്രമീകരിക്കുകയും ചെയ്യാം. നിഘണ്ടു ക്ലാസ് അധ്യാപകർ പരിശോധിക്കുകയും വേണ്ട തിരുത്തലുകൾ നടത്തുകയും ചെയ്യുന്നു.

## ദിവസം 5 വാക്കുകൾ

ഇംഗ്ലീഷ് ഭാഷയിലെ വാക്കുകൾ കണ്ടെത്തുന്നതിനുള്ള ലഘുവായ മാർഗ്ഗമാണിത്. ഓരോ അക്ഷരത്തിലും തുടങ്ങുന്ന 5 വാക്കുകൾ കണ്ടെത്തുന്നു. ഓരോ ദിവസവും കണ്ടെത്തിയ വാക്കുകൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. എല്ലാ അക്ഷരത്തിലുമുള്ള വാക്കുകൾ കണ്ടെത്തിയ ശേഷം വീണ്ടും ഇതേ ക്രമത്തിൽ പുതിയവ കണ്ടെത്തി തുടരുന്നു.

## പസിലുകൾ.

ഇംഗ്ലീഷ് ഭാഷയിൽ കൂടുതൽ പ്രാവീണ്യം ലഭിക്കുവാൻ പദപരിചയം, പസിൽ തുടങ്ങിയ പ്രവർത്തനം അനുവർത്തനം ചെയ്യുന്നു. വിട്ടുപോയ അക്ഷരം കണ്ടെത്തി എഴുതുന്നു. ചില പ്രത്യേക നിർദ്ദേശങ്ങളിലൂടെ വാക്കുകൾ കണ്ടെത്തുന്നു. പദങ്ങൾ ക്രമീകരിച്ച് വാക്യങ്ങളുണ്ടാക്കുന്നു

## ENGLISH DAY

ആഴ്ചയിൽ ഒരു ദിവസം പ്രതിജ്ഞയും അസംബ്ലിയിലെ മറ്റു പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ മാത്രമാക്കുന്നു. അതേ ദിവസം ഇംഗ്ലീഷ് പത്രങ്ങൾ, പുസ്തകങ്ങൾ എന്നിവ വായിക്കുകയും ചെയ്യുന്നു.

## ഗണിത പഠനം

ഗണിത പഠനം എളുപ്പമാക്കാൻ ധാരാളം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു

- ഗണിത പാട്ടുകൾ
- ഗണിത കേളികൾ
- കുട്ടികളുടെ ബാങ്ക്
- ഗണിത പാർക്ക്
- ബാല
- ഗണിത മാജിക്
- കലണ്ടർ വിശേഷം
- കുസൃതി കണക്കുകൾ
- ഗണിത നാടകം
- പസിൽ
- വർക്ക് ഷീറ്റുകൾ

## ഗണിത പാട്ടുകൾ

ഗണിതവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരിച്ച് അവതരിപ്പിക്കുന്ന. പാഠഭാഗങ്ങളിൽ ചില പാട്ടുകൾ കൊടുത്തിട്ടുണ്ട്. പരമാവധി പാട്ടുകൾ ശേഖരിച്ച് 'ഗണിത പാട്ടു പുസ്തകം' തയ്യാറാക്കുന്ന.

## ഗണിത കേളി

കളി പ്രവർത്തനങ്ങളിലൂടെ ഗണിതം കുട്ടികളിലെത്തിക്കുന്ന രീതിയാണിത്. ഏണിയും പാമ്പും കാരംസ്, ചീട്ടുകളി, ഗോലികളി, കള്ളംകര, ഗുണനം എന്നിവ കളി പ്രവർത്തനങ്ങളിലൂടെ ഗണിതം പഠിപ്പിക്കാവുന്ന മാർഗ്ഗങ്ങളാണ്.

## കലണ്ടർ വിശേഷം:-

ഒരു കലണ്ടറിന്റെ ഉപയോഗം ഗണിതത്തിൽ എത്രമാത്രം പ്രാധാന്യമർഹിക്കുന്നു എന്ന് കലണ്ടർ കണക്കുകൾ കാണിക്കുന്നു. ദിവസം, മാസം, വർഷം, പലതരം വർഷങ്ങൾ, മാസങ്ങൾ എന്നിവ പരിചയപ്പെടാൻ കലണ്ടർ സഹായിക്കുന്നു. ഒന്നാം ക്ലാസ്സ് മുതൽ എണ്ണൽ സംഖ്യാ പഠനത്തിന് കലണ്ടർ സഹായിക്കും. ഗണിതത്തിൽ കലണ്ടറിന് വളരെയധികം പ്രാധാന്യമുണ്ട്.

## കുസൃതി കണക്കുകൾ

ഗണിതവുമായി ബന്ധപ്പെട്ട രസകരമായ പ്രശ്നങ്ങളാണ് കുസൃതികണക്കുകൾ. ഒന്നാം ക്ലാസുമുതൽ നാലാം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ ഗണിത പഠനം രസകര ഉല്ലാസകര മാക്കാൻ കുസൃതി കണക്കുകൾ സഹായിക്കുന്നു.

വർക്ക് ഷീറ്റുകൾ:

ഓരോ ക്ലാസിലും ഓരോ അധ്യായത്തിലും ആവശ്യമായ വർക്ക്ഷീറ്റുകൾ തയ്യാറാക്കുക വഴി ഗണിത പഠനം രസകരമാക്കാം. വർക്ക്ഷീറ്റുകളും മറ്റും തയ്യാറാക്കാൻ S.S.A യുടെ സ്കൂൾ ഗ്രാന്റ് ഉപയോഗിക്കാം.

പരിസര പഠനം

പരിസര പഠനവുമായി ബന്ധപ്പെട്ട് കുട്ടികളുടെ അറിവുവർദ്ധിപ്പിക്കുന്നതിനും പഠനം എളുപ്പമാക്കുന്നതിനും ആസൂത്രണം ചെയ്ത് നടപ്പാക്കാവുന്ന പ്രവർത്തനങ്ങളാണ് താഴെപ്പറയുന്നത്.

- പഠനയാത്രകൾ
- ശാസ്ത്രലാബ്
- പൊതുസ്ഥാപനങ്ങൾ സന്ദർശനം
- നാണയ ശേഖരണം
- സ്റ്റാമ്പ് ശേഖരണം
- വിത്ത് ശേഖരണം
- പക്ഷിനിരീക്ഷണം
- ആൽബം തയ്യാറാക്കൽ
- ശാസ്ത്ര പ്രദർശനം
- ജൈവ വൈവിധ്യ പാർക്ക്
- ഹരിത വിദ്യാലയം
- പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

## പൊതുസ്ഥാപനങ്ങൾ സന്ദർശനം.

സ്ഥാപനങ്ങളുടെ പ്രവർത്തനം നേരിട്ടു മനസ്സിലാക്കാൻ പൊതുസ്ഥാപനങ്ങൾ സന്ദർശിക്കാൻ കുട്ടികൾക്ക് അവസരം നൽകണം. പോസ്റ്റോഫീസ്, പോലീസ് സ്റ്റേഷൻ, ഫോറസ്റ്റ് സ്റ്റേഷൻ, മാവേലി സ്റ്റോർ, പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ് തുടങ്ങിയ പൊതുസ്ഥാപനങ്ങൾ നേരിട്ടുകണ്ട് പ്രവർത്തന പഠനം നടത്താൻ അവസരം നൽകുന്നു.

## വിത്ത് ശേഖരണം.

നിലവിൽ കുട്ടികൾ അറിഞ്ഞിരിക്കേണ്ട വസ്തുതയാണ് വിത്തുവിതരണവും പുതിയ തലമുറയുടെ ഉത്ഭവവും. വിവിധയിനം വിത്തുകളെ നേരിട്ട് പരിചയപ്പെടുക്കലും അവയുടെ വിതരണരീതിയും വിത്ത് മുളയ്ക്കുന്ന രീതിയും മനസ്സിലാക്കണം. നേരറിവ് ലഭ്യമാക്കുന്നതിനും വിത്ത് ശേഖരണത്തിലൂടെയാണ്. വിത്ത് മുളയ്ക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ, ഏകബീജ പത്രസസ്യം, ദ്വിബീജ പത്രസസ്യങ്ങൾ, എന്നിവ മനസ്സിലാക്കുന്നതിനും വിത്ത് ശേഖരണം സഹായിക്കുന്നു.

## പക്ഷിനിരീക്ഷണം/ജീവജാല നിരീക്ഷണം.

നിരീക്ഷണം എന്ന മേഖല ശാസ്ത്ര പഠനത്തിൽ വളരെയധികം പ്രാധാന്യമർഹിക്കുന്നു. വിവിധയിനം പക്ഷികൾ, ചെടികൾ മരങ്ങൾ, മൃഗങ്ങൾ, ഇഴജന്തുക്കൾ ശലഭങ്ങൾ, എന്നിവയെ നിരീക്ഷിക്കേണ്ടതുണ്ട്.

## ആൽബം തയ്യാറാക്കൽ :-

ആൽബങ്ങൾ പലതരത്തിലുണ്ട്. പരിസരപഠന വേളയായതിനാൽ പക്ഷികളുടെ ആൽബം, മൃഗങ്ങൾ, സസ്യങ്ങൾ, ഇലകൾ കലാരൂപങ്ങൾ, പൂക്കൾ, പലതരം ജീവികൾ എന്നിവയുടെ ആൽബം തയ്യാറാക്കാം.

## ശാസ്ത്ര പ്രദർശനം :-

ശാസ്ത്ര പഠനത്തിന് സഹായകമായ രീതിയിൽ ശാസ്ത്ര പ്രദർശനം സംഘടിപ്പിക്കണം. ധാരാളം ഉപകരണങ്ങൾ കുട്ടികൾക്ക് നേരിട്ട് മനസ്സിലാക്കാൻ ഇത് സഹായിക്കും. കുട്ടികൾ ശേഖരിച്ച വസ്തുക്കൾ വർഷത്തിന്റെ അവസാനം പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു.